**മധുരമായ കുട്ടികളേ, സർവ്വശക്തനായ ബാബ വന്നിരിക്കുന്നു നിങ്ങൾക്ക് ശക്തി നൽകുന്നതിനായി, എത്രത്തോളം ഓർമ്മയിലിരിക്കുന്നുവോ അത്രത്തോളം ശക്തി ലഭിച്ചുകൊണ്ടിരിക്കും.**

**ചോദ്യം –** ഈ ഡ്രാമയിൽ ഏറ്റവും നല്ലതിലും നല്ല പാർട്ട് നിങ്ങൾ കുട്ടികളുടേതാണ്, എങ്ങനെ?
**ഉത്തരം –** നിങ്ങൾ കുട്ടികളാണ് പരിധിയില്ലാത്ത അച്ഛന്റേതാകുന്നത്. ഭഗവാൻ ടീച്ചറായി നിങ്ങൾ കുട്ടികളെയാണ് പഠിപ്പിക്കുന്നത്, അപ്പോൾ നിങ്ങൾ തന്നെയല്ലേ ഭാഗ്യശാലികൾ. വിശ്വത്തിന്റെ അധികാരിയായ ബാബ നിങ്ങളുടെ അതിഥിയായി വന്നിരിക്കുകയാണ്. ബാബ നിങ്ങൾ കുട്ടികളുടെ സഹയോഗത്തിലൂടെയാണ് വിശ്വമംഗളം ചെയ്യുന്നത്. നിങ്ങൾ കുട്ടികൾ വിളിച്ചു, ബാബ വന്നു. ഇതാണ് രണ്ടു കൈകളും കൂടുമ്പോൾ ഉണ്ടാകുന്ന ശബ്ദം. ഇപ്പോൾ ബാബയിൽ നിന്നും നിങ്ങൾ കുട്ടികൾക്ക് മുഴുവൻ വിശ്വത്തിനു മേലും രാജ്യം ഭരിക്കാനുള്ള ശക്തി ലഭിക്കുന്നു.

**ഓംശാന്തി.** മധുര-മധുരമായ ആത്മീയ കുട്ടികൾ ആത്മീയ അച്ഛന്റെ മുന്നിലാണ് ഇരിക്കുന്നത്. അദ്ധ്യാപകന്റെ മുന്നിലുമാണിരിക്കുന്നത്, നിങ്ങൾ കുട്ടികളെ കൊണ്ടുപോകാൻ ബാബ ഗുരുവിന്റെ രൂപത്തിൽ വന്നിരിക്കുന്നു എന്നുമറിയാം. ബാബയും പറയുന്നു, അല്ലയോ ആത്മീയ കുട്ടികളേ, നിങ്ങളെ ഇവിടെ നിന്നും കൊണ്ടുപോകാനാണ് ഞാൻ വന്നിരിക്കുന്നത്. ഈ ലോകം പഴയതായിരിക്കുകയാണ്, ഈ ലോകം വളരെ മോശമാണ്. നിങ്ങൾ കുട്ടികളും മോശമായിരിക്കുന്നു. സ്വയം തന്നെ പറയുന്നു, പതിതപാവനനായ ബാബാ... വന്ന് ഞങ്ങൾ പതിതരെ ഈ ദുഖധാമത്തിൽ നിന്നും ശാന്തിധാമത്തിലേക്ക് കൊണ്ടുപോകൂ. ഇപ്പോൾ നിങ്ങൾ ഇവിടെ ഇരിക്കുന്നു എങ്കിൽ, ഈ കാര്യങ്ങളെല്ലാം തന്റെ ഹൃദയത്തിലേക്ക് വരണം. ബാബയും പറയുന്നു, ഞാൻ നിങ്ങൾ വിളിച്ചതിനാലാണ്, ക്ഷണിച്ചതിനാലാണ് വരുന്നത്. ബാബ സ്മൃതിയുണർത്തുകയാണ്, നിങ്ങൾ എന്നെ ക്ഷണിച്ചതല്ലേ. ബാബ പറഞ്ഞപ്പോൾ നിങ്ങൾക്ക് സ്മൃതിയുണർന്നു കഴിഞ്ഞു. ബാബ വന്നിരിക്കുന്നത് ഡ്രാമ അനുസരിച്ച് കല്പം മുമ്പത്തേതു പോലെയാണ്. മറ്റു മനുഷ്യർ ഓരോ പദ്ധതികൾ രൂപവൽകരിക്കാറുണ്ടല്ലോ. ഇത് ശിവബാബയുടെ പദ്ധതിയാണ്. ഈ സമയം എല്ലാവർക്കും അവരവരുടേതായ പ്ലാനുകളാണ്. ഇത് അയ്യായിരം വർഷത്തെക്കുള്ള പ്ലാനാണ്, ഈ സമയം ഇന്നതെല്ലാം ചെയ്യാമെന്ന് പ്ലാനുണ്ടാക്കുന്നു. കാര്യങ്ങൾ എങ്ങനെ ഒരുമിക്കുന്നു എന്നു നോക്കൂ. ആദ്യമൊന്നും ഈ പ്ലാനുകളും കാര്യങ്ങളുമൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോഴാണ് പ്ലാനുകൾ ഉണ്ടാക്കുന്നത്. നമ്മുടെ ബാബയുടെ പ്ലാൻ എന്താണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഡ്രാമാ പ്ലാൻ അനുസരിച്ച് 5000 വർഷങ്ങൾക്കു മുമ്പ് തന്നെ ഞാൻ ഈ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. നിങ്ങൾ മധുര-മധുരമായ കുട്ടികൾ ആരാണോ തീർത്തും ദുഖിതരും, വേശ്യാലയത്തിൽ വന്ന് പെട്ടിരിക്കുന്നതും, അവരെ ഞാൻ വന്ന് ശിവാലയത്തിലേക്ക് കൊണ്ടു പോകുകയാണ്. ശാന്തിധാമം നിരാകാരി ശിവാലയമാണ്, സുഖധാമം സാകാരി ശിവാലയമാണ്. അപ്പോൾ ഈ സമയത്ത് ബാബ നിങ്ങൾ കുട്ടികളെ റീഫ്രഷാക്കുകയാണ്. നിങ്ങൾ ബാബയുടെ സന്മുഖത്തിരിക്കുകയല്ലേ. ബുദ്ധിയിൽ നിശ്ചയമുണ്ടല്ലോ ബാബ വന്നിരിക്കുകയാണ്. അച്ഛൻ എന്ന വാക്കാണ് വളരെയധികം മധുരമായിരിക്കുന്നത്. നമ്മൾ ആത്മാക്കൾ പരമാത്മാവിന്റെ കുട്ടികളാണ്, എന്നാൽ പാർട്ട് അഭിനയിക്കുന്നതിനായി ലൗകിക പിതാവിന്റെതായിരിക്കുകയാണ്. ലൗകിക പിതാക്കന്മാർ നിങ്ങൾക്ക് എത്ര സമയം ലഭിക്കുന്നുണ്ട്. സത്യയുഗം മുതൽക്ക് സുഖ-ദുഖത്തിന്റെ പാർട്ട് അഭിനയിച്ചു വന്നു. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി നമ്മുടെ ദുഖത്തിന്റെ പാർട്ട് പൂർത്തിയാവുകയാണ്. സുഖത്തിന്റെ പാർട്ട് പൂർണ്ണമായും 21 ജന്മം അഭിനയിച്ചു. പിന്നീട് അരക്കല്പം ദുഖത്തിന്റെ പാർട്ടും അഭിനയിച്ചു. ബാബ നിങ്ങൾക്ക് സ്മൃതിയുണർത്തി തരികയാണ്, ബാബ കുട്ടികളോട് ചോദിക്കുന്നു, ഇങ്ങനെത്തന്നെയല്ലേ. ഇനി നിങ്ങൾക്ക് വീണ്ടും അരക്കല്പത്തേക്ക് സുഖത്തിന്റെ പാർട്ട് അഭിനയിക്കണം. ഈ ജ്ഞാനത്തിലൂടെ നിങ്ങൾ ആത്മാക്കൾ സമ്പന്നരാകുന്നു. പിന്നീട് വീണ്ടും കാലിയാകുന്നു. വീണ്ടും ബാബ വന്ന് സമ്പന്നമാക്കുന്നു. നിങ്ങളുടെ കഴുത്തിൽ വിജയമാലയുണ്ട്. കഴുത്തിൽ ജ്ഞാനത്തിന്റെ മാലയുമുണ്ട്. നമ്മൾ സത്യ-ത്രേതാ -ദ്വാപര-കലുയുഗത്തിന്റെ ചക്രം കറങ്ങിയ ശേഷം വീണ്ടും ഈ മധുരമായ സംഗമയുഗത്തിലേക്ക് വരുന്നു. ഈ യുഗത്തെ മധുരമായത് എന്നേ പറയാൻ പറ്റൂ. ശാന്തിധാമം മധുര ധാമമല്ല. ഏറ്റവും മധുരമായത് പുരുഷോത്തമ മംഗളകാരിയായ സംഗമയുഗമാണ്. ഡ്രാമയിൽ നിങ്ങൾക്കും നല്ലതിലും നല്ല പാർട്ടാണ്. നിങ്ങൾ എത്ര ഭാഗ്യശാലികളാണ്. നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെതായി മാറിയിരിക്കുന്നു. ബാബ വന്ന് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു. എത്ര ഉയർന്നതും സഹജവുമായ പഠിപ്പാണ്. ഇതിലൂടെ നിങ്ങൾ എത്ര വലിയ ധനവാനായാണ് മാറുന്നത്, ഇതിൽ പ്രയത്നിക്കേണ്ടതായ കാര്യമേയില്ല. ഡോക്ടർ, എഞ്ചിനിയർ ഭാഗം പഠിക്കുന്നവരെല്ലാം എത്രയാണ് പ്രയത്നിക്കുന്നത്. ഇവിടെ നിങ്ങൾക്ക് സമ്പത്താണ് ലഭിക്കുന്നത്.

അച്ഛന്റെ സമ്പാദ്യത്തിനുമേൽ കുട്ടികൾക്ക് അവകാശമുണ്ടാകില്ലേ. നിങ്ങൾ ഈ പഠിപ്പ് പഠിച്ച് 21 ജന്മത്തേക്ക് സത്യമായി സമ്പാദിക്കുന്നു. സത്യയുഗത്തിൽ നിങ്ങൾക്ക് ബാബയെ ഓർമ്മിക്കേണ്ടതായി വരുന്ന വിധത്തിൽ യാതൊരു നഷ്ടവും ഉണ്ടായിരിക്കില്ല. ഇതിനെ തന്നെയാണ് അജപാജപം എന്നു പറയുന്നത്. ബാബ വന്നിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം, ബാബയും പറയുന്നു, ഞാൻ വന്നിരിക്കുകയാണെന്ന്. അപ്പോൾ രണ്ടു കൈകൾ തമ്മിലുള്ള സ്വരമായില്ലേ. ബാബ പറയുന്നു, എന്നെ ഓർമ്മിക്കുകയാണെങ്കിൽ ജന്മ-ജന്മാന്തര പാപങ്ങൾ ഭസ്മമായിത്തീരുന്നു. അഞ്ചു വികാരങ്ങളാകുന്ന രാവണൻ നിങ്ങളെ പാപാത്മാവാക്കി മാറ്റി. പിന്നീട് പുണ്യാത്മാവായും മാറണം. ഇതെല്ലാം ബുദ്ധിയിലേക്ക് വരണം. നമ്മൾ ബാബയുടെ ഓർമ്മയിലൂടെ പവിത്രമായി മാറി പിന്നീട് ബാബയോടൊപ്പം വീട്ടിലേക്ക് പോകണം. പിന്നീട് പഠിപ്പിലൂടെയാണ് നമുക്ക് ശക്തി ലഭിക്കുന്നത്. ദേവീദേവതാധർമ്മത്തെക്കുറിച്ചാണ് പറയുന്നത് ധർമ്മമാണ് ശക്തി എന്ന്. ബാബ സർവ്വശക്തനാണ്. അപ്പോൾ ബാബയിലൂടെ നമുക്ക് വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിനുള്ള ശക്തിയാണ് ലഭിക്കുന്നത്. രാജാക്കന്മാരിൽ നോക്കൂ എത്ര ശക്തിയാണ്. എല്ലാവരും അവരെ ഭയക്കുകയാണ്. ഒരു രാജാവിന് എത്ര പ്രജകളാണെന്ന് നോക്കൂ. സൈന്യമെല്ലാം ഉണ്ടല്ലോ, ഇതെല്ലാം തന്നെ അല്പകാലത്തെ ശക്തി മാത്രമാണ്. ഇവിടെ നിങ്ങൾക്ക് ലഭിക്കുന്നത് 21 ജന്മത്തേക്കുള്ള ശക്തിയാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമുക്ക് സർവ്വശക്തനായ പിതാവിൽ നിന്നും വിശ്വത്തിനുമേൽ രാജ്യം ഭരിക്കുവാനുള്ള ശക്തിയാണ് ലഭിക്കുന്നത്. കുട്ടികളോട് സ്നേഹമുണ്ടാകുമല്ലോ. ദേവതകൾ പ്രത്യക്ഷത്തിൽ ഇല്ലെങ്കിലും അവരോട് എത്ര സ്നേഹമാണ്. അവിടെ സന്മുഖത്തിൽ പ്രജകൾക്കും എത്ര സ്നേഹമാണ്. ഓർമ്മയുടെ യാത്രയിലൂടെയാണ് നിങ്ങൾക്ക് ഈ ശക്തി ലഭിക്കുന്നത്. ഈ കാര്യങ്ങളൊന്നും നിങ്ങൾ മറക്കരുത്. ഓർമ്മിച്ച്-ഓർമ്മിച്ച് നിങ്ങൾ വളരെ ശക്തിശാലികളായിത്തീരുന്നു. മറ്റാരെയും തന്നെ സർവ്വ ശക്തനെന്ന് പറയില്ല. എല്ലാവർക്കും ബാബയിൽ നിന്നാണ് ശക്തി ലഭിക്കുന്നത്, ഈ സമയത്ത് ആരിലും തന്നെ ശക്തിയില്ല. എല്ലാവരും തമോപ്രധാനമാണ്. പിന്നീട് സർവ്വാത്മാക്കൾക്കും ഒരാളിൽ നിന്നു തന്നെയാണ് ശക്തി ലഭിക്കുന്നത്. പിന്നീട് അവരവരുടെ രാജധാനിയിലേക്ക് വന്ന് പാർട്ട് അഭിനയിക്കുന്നു. തന്റെ കർമ്മക്കണക്കുകളെ സമാപ്തമാക്കി ഇതേരീതിയിൽ സംഖ്യാക്രമത്തിൽ ശക്തിശാലികളായിത്തീരുന്നു. ആദ്യ നമ്പറിൽ ഈ ദേവതകളുടെ ശക്തിയാണ്. ലക്ഷ്മി-നാരായണൻ വിശ്വത്തിന്റെ തന്നെ അധികാരികളായിരുന്നില്ലേ. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ മുഴുവൻ സൃഷ്ടി ചക്രത്തിന്റെയും ജ്ഞാനമുണ്ട്. എങ്ങനെയാണോ നിങ്ങൾ ആത്മാക്കളിൽ ജ്ഞാനമുള്ളത്, അതുപോലെ ബാബയുടെ ആത്മാവിലും മുഴുവൻ ജ്ഞാനവുമുണ്ട്. ഇപ്പോൾ ബാബ നിങ്ങൾക്ക് ആ ജ്ഞാനം നൽകിക്കൊണ്ടിരിക്കുകയാണ്. ഡ്രാമയിൽ അടങ്ങിയിരിക്കുന്ന പാർട്ട് ആവർത്തിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. പിന്നീട് 5000 വർഷത്തിനു ശേഷം വീണ്ടും പാർട്ട് ആർത്തിക്കുന്നു. ഇതെല്ലാം ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം. നിങ്ങൾ സത്യയുഗത്തിൽ രാജ്യം ഭരിക്കുമ്പോൾ ബാബ റിട്ടയർ(വിശ്രമ) ജീവിതം നയിക്കുന്നു, പിന്നീട് നിങ്ങൾ ദുഖികളാകുമ്പോൾ സ്റ്റേജിലേക്ക് വരുന്നു. നിങ്ങൾക്കറിയാം ബാബയിലും മുഴുവൻ റിക്കോർഡ് അടങ്ങിയിട്ടുണ്ട്. ആത്മാവ് എത്ര ചെറുതാണ്, അതിൽ അത്രയും വിവേകം അടങ്ങിയിട്ടുണ്ട്. ബാബ വന്ന് വിവേകം നൽകുകയാണ്. പിന്നീട് സത്യയുഗത്തിലേക്ക് പോയാൽ സർവ്വതും മറക്കുന്നു. സത്യയുഗത്തിൽ നിങ്ങൾക്ക് ഈ ജ്ഞാനമുണ്ടാകില്ല. അവിടെ നിങ്ങൾ സുഖമനുഭവിച്ചുകൊണ്ടിരിക്കും. സത്യയുഗത്തിൽ നിങ്ങൾ തന്നെയാണ് ദേവതകളായി സുഖം അനുഭവിക്കുന്നത് എന്നുള്ളതും നിങ്ങൾ ഇപ്പോഴാണ് അറിയുന്നത്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരാണ്. പിന്നീട് നിങ്ങൾ തന്നെയാണ് ദേവതയായും മാറുന്നത്. ഈ ജ്ഞാനമെല്ലാം നല്ല രീതിയിൽ ബുദ്ധിയിൽ ധാരണ ചെയ്യണം. ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ സന്തോഷമുണ്ടാകില്ലേ. ഇതിലൂടെ നിങ്ങൾ പ്രാണദാനം ചെയ്യുന്നതു പോലെയാണ്. കാലൻ വന്ന് എല്ലാവരെയും കൊണ്ടുപോകുമെന്ന് പറയാറുണ്ട്. വാസ്തവത്തിൽ കാലനൊന്നുമില്ല. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ നാടകമാണ്. ആത്മാവ് മനസ്സിലാക്കുന്നു, ഞാൻ ഒരു ശരീരത്തെ ത്യാഗം ചെയ്ത് മറ്റൊന്ന് എടുക്കുന്നു. എന്നാൽ എന്നെ കാലൻ വിഴുങ്ങുന്നില്ല. ആത്മാവിനാണ് ഫീലിംഗ്(അനുഭൂതി) ഉണ്ടാകുന്നത്. ആത്മാവ് ഗർഭത്തിനുള്ളിലിരിക്കുമ്പോൾ സാക്ഷാത്കാരങ്ങൾ ലഭിച്ച് ദുഖം അനുഭവിക്കുന്നു. ഗർഭത്തിനുള്ളിൽ ശിക്ഷകൾ അനുഭവിക്കുന്നതിനാലാണ് അതിനെ ഗർഭ ജയിൽ എന്നു പറയുന്നത്. ഈ നാടകം എത്ര അത്ഭുതകരമായാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ഗർഭജയിലിൽ ശിക്ഷകൾ അനുഭവിച്ചുകൊണ്ട് തന്റെ സാക്ഷാത്കാരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. എന്തുകൊണ്ടാണ് ശിക്ഷകൾ ലഭിക്കുന്നത്? സാക്ഷാത്കാരങ്ങൾ ലഭിക്കണമല്ലോ – നിയമത്തിനു വിരുദ്ധമായ ഇന്ന-ഇന്ന കർമ്മങ്ങൾ ചെയ്തു, ഇവർക്കെല്ലാം ദുഖങ്ങൾ നൽകി. അവിടുന്ന് എല്ലാ സാക്ഷാത്കാരങ്ങളും ലഭിക്കുന്നു, പിന്നീട് പുറത്തേക്ക് വന്നാൽ പാപാത്മാക്കളാകുന്നു. എങ്ങനെ എല്ലാ പാപങ്ങളും ഭസ്മമാകുന്നു? അത് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് – ഓർമ്മയുടെ യാത്രയിലൂടെയും സ്വദർശന ചക്രം കറക്കുന്നതിലൂടെയും എല്ലാ പാപങ്ങളും ഭസ്മമാകുന്നു. ബാബ പറയുന്നു, എന്റെ മധുര-മധുരമായ സ്വദർശന ചക്രധാരികളായ കുട്ടികളേ, നിങ്ങൾ 84 ജന്മത്തിന്റെ സ്വദർശന ചക്രത്തെ കറക്കുകയാണെങ്കിൽ നിങ്ങളുടെ ജന്മാജന്മാന്തര പാപം നശിക്കു

ന്നു. ചക്രത്തെയും സ്മരിക്കണം, ആരാണ് ഈ ജ്ഞാനം നൽകിയത് അവരെയും സ്മരിക്കണം. ബാബ നമ്മെ സ്വദർശന ചക്രധാരിയാക്കി കൊണ്ടിരിക്കുന്നു. എങ്കിലും ദിവസേന പുതിയ-പുതിയ ആളുകൾ വരുമ്പോൾ അവരെയും റീഫ്രഷാക്കണമല്ലോ. നിങ്ങൾക്കിപ്പോൾ മുഴുവൻ ജ്ഞാനവും ലഭിച്ചു കഴിഞ്ഞു. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി നമ്മളിവിടെ പാർട്ട് അഭിനയിക്കാനായി വന്നിരിക്കുകയാണ്. 84 ജന്മത്തിന്റെ ചക്രം കറങ്ങി ഇനിയിപ്പോൾ തിരികെ പോകണം. ഇങ്ങനെ ചക്രത്തെ കറക്കുന്നുണ്ടോ? ബാബയ്ക്കറിയാം കുട്ടികൾ ധാരാളം മറക്കുന്നുണ്ട്. ചക്രത്തെ കറക്കുന്നതിൽ പ്രയാസമൊന്നുമില്ലല്ലോ, അവസരവും ലഭിക്കുന്നുണ്ടല്ലോ. അവസാനസമയത്ത് നിങ്ങൾക്കും ഈ സ്വദർശന ചക്രധാരിയുടെ അവസ്ഥയുണ്ടാകുന്നു. നിങ്ങൾക്ക് അതുപോലെയായിത്തീരണം. സന്യാസിമാർക്ക് ഇങ്ങനെയുള്ള പഠിപ്പ് നൽകുവാൻ സാധിക്കില്ല. സ്വദർശന ചക്രത്തെക്കുറിച്ച് സ്വയം ഗുരുക്കന്മാർക്ക് തന്നെ അറിയില്ല. അവർക്ക് കേവലം ഗംഗാതീരത്തേക്ക് പോകാനുള്ള നിർദ്ദേശം മാത്രമേ നൽകുവാൻ സാധിക്കൂ. എത്രയാണ് അവിടെ പോയി സ്നാനം ചെയ്യുക! ഒരുപാട് സ്നാനം ചെയ്യുന്നതിലൂടെ ഗുരുക്കന്മാരുടെ സമ്പാദ്യം വർദ്ധിക്കുന്നു. ഇടയ്ക്കിടെ യാത്രയിലേക്ക് പോകാറുണ്ട്. ഇപ്പോൾ ആ യാത്രയിലും ഈ യാത്രയിലും തമ്മിലുള്ള വ്യത്യാസം നോക്കൂ എത്രയാണെന്ന്. ഈ യാത്രയിലൂടെ മറ്റെല്ലാ യാത്രകളിൽ നിന്നും മുക്തമാകുന്നു. ഈ യാത്ര നോക്കൂ എത്ര എളുപ്പമാണെന്ന്.  ചക്രത്തെയും കറക്കണം. ഇങ്ങനെയൊരു മഹിമയുണ്ടല്ലോ - നാനാവശത്തും അലഞ്ഞു തിരിഞ്ഞുഎന്നിട്ടും ദൂരെത്തന്നെയാണ്.... പരിധിയില്ലാത്ത അച്ഛനിൽ നിന്നും ദൂരെയാണ്. നിങ്ങൾക്കിപ്പോൾ ഈ അനുഭൂതിയുണ്ടാകുന്നുണ്ടാകും. മറ്റു മനുഷ്യർക്ക് ഇതിന്റെ അർത്ഥത്തെക്കുറിച്ച് അറിയില്ല. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി ഒരുപാട് ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. ഇപ്പോൾ ഈ കറക്കത്തിൽ നിന്നും നിങ്ങൾ മുക്തമായി. ഇത്രയും കറങ്ങിയതിലൂടെ ആരും തന്നെ ഈശ്വരന്റെ സമീപത്തേക്ക് വന്നിട്ടില്ല. വീണ്ടും ദൂരെത്തന്നെയിരുന്നു.

ഇപ്പോൾ ഡ്രാമാ പ്ലാനനുസരിച്ച് ബാബയ്ക്ക് തന്നെ എല്ലാവരെയും തിരികെ കൊണ്ടു പോകാനായി വരേണ്ടി വന്നു. ബാബ പറയുന്നു, എന്റെ മതമനുസരിച്ച് നിങ്ങൾക്ക് ജീവിക്കണം, പവിത്രമാകണം. ഈ ലോകത്തെ കണ്ടുകൊണ്ടും കാണാതിരിക്കണം. ഏതുവരെ പുതിയ കെട്ടിടം തയ്യാറാകുന്നില്ലയോ അതുവരെയും പഴയതിൽ തന്നെ ഇരിക്കണം. ബാബ സമ്പത്ത് നൽകുവാൻ വരുന്നത് സംഗമത്തിലാണ്. പരിധിയില്ലാത്ത അച്ഛന്റെ സമ്പത്തും പരിധിയില്ലാത്തതാണ്. അച്ഛന്റെ സമ്പത്ത് നമ്മുടേതാണെന്ന് സാധാരണ കുട്ടികൾക്കറിയാവുന്നതാണ്. ആ സന്തോഷം എപ്പോഴുമുണ്ടാകുന്നു. തന്റെ സമ്പാദ്യവും ചെയ്യുന്നു, അച്ഛന്റെ സമ്പത്തും ലഭിക്കുന്നു. നിങ്ങൾക്കിവിടെ സമ്പത്താണ് ലഭിക്കുന്നത്. സ്വർഗ്ഗീയ സമ്പത്ത് എങ്ങനെ ലഭിച്ചു എന്നുള്ളത് നിങ്ങൾക്ക് അവിടെ അറിയാൻ സാധിക്കില്ല. അവിടെ നിങ്ങളുടെ ജീവിതം വളരെയധികം സുഖിയായിരിക്കും എന്തുകൊണ്ടെന്നാൽ നിങ്ങൾ ഇവിടെ ബാബയെ ഓർമ്മിച്ച് വളരെയധികം ശക്തി പ്രാപ്തമാക്കുന്നു. പാപത്തെ നശിപ്പിക്കുന്ന പതിതപാവനൻ ഒരേയൊരു ബാബയാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെയും സ്വദർശന ചക്രത്തെ കറക്കുന്നതിലൂടെയുമാണ് പാപം നശിക്കുക, ഈ കാര്യത്തെ നല്ല രീതിയിൽ ഓർമ്മിക്കണം. ഈ കാര്യം മനസ്സിലാക്കിയാൽ തന്നെ മതി. ഇനി മുന്നോട്ടു പോകവേ നിങ്ങൾക്ക് കൂടുതൽ പ്രയത്നിക്കേണ്ടതായി വരില്ല, ഒരേയൊരു സൂചന നൽകിയാൽ തന്നെ മതിയാകും. പരിധിയില്ലാത്ത പിതാവിനെ ഓർമ്മിക്കുകയാണെങ്കിൽ പാപം നശിക്കുന്നു. നിങ്ങൾ നരനിൽ നിന്നും നാരായണനും നാരിയിൽ നിന്നും ലക്ഷ്മിയുമായി മാറാനാണ് വന്നിരിക്കുന്നത്. ഇത് ഓർമ്മയല്ലേ. മറ്റാരുടെ ബുദ്ധിയിലും ഈ കാര്യങ്ങളൊന്നും തന്നെ വരില്ല. ഇവിടെ നിങ്ങൾ വരുമ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട് ഞങ്ങൾ ബാപ്ദാദയുടെ അടുക്കലേക്ക് പുതിയ ലോകമാകുന്ന സ്വർഗ്ഗത്തിന്റെ സമ്പത്തെടുക്കാനാണ് പോകുന്നത്.

ബാബ പറയുന്നു സ്വദർശന ചക്രധാരിയാകുന്നതിലൂടെ നിങ്ങളുടെ വികർമ്മം നശിക്കുന്നു. നിങ്ങളുടെ ജീവിതത്തെ വജ്ര സമാനമാക്കി മാറ്റുന്നയാളെ നോക്കൂ. ഇതിൽ നോക്കേണ്ടതായ കാര്യമില്ല എന്നുള്ളതും നിങ്ങൾക്കറിയാം. ഇത് നിങ്ങൾക്ക് ദിവ്യ ദൃഷ്ടിയിലൂടെ അറിയുവാൻ സാധിക്കുന്നു. ആത്മാവാണ് ഈ ശരീരത്തിലൂടെ പഠിക്കുന്നത്, ഈ ജ്ഞാനം നിങ്ങൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത്. നമ്മൾ എന്തു കർമ്മം ചെയ്യുകയാണെങ്കിലും ആത്മാവാണ് ഈ ശരീരത്തിലൂടെ കർമ്മങ്ങൾ ചെയ്യുന്നത്. ബാബയ്ക്കും നമ്മെ പഠിപ്പിക്കണം, അവരുടെ പേര് സദാ ശിവൻ എന്നു തന്നെയാണ്. ശരീരത്തിന്റെ പേരിനാണ് പരിവർത്തനം വരുന്നത്. ഈ ശരീരം എന്റെതല്ലല്ലോ. ഇത് ബ്രഹ്മാവിന്റെ മുതലാണ്. ശരീരം ആത്മാവിന്റെ മുതലാണ് ഇതിലൂടെയാണ് പാർട്ട് അഭിനയിക്കുന്നത്. ഇതെല്ലാം സഹജമായും മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. എല്ലാവരിലും ആത്മാവുണ്ട്, എന്നാൽ എല്ലാവരുടെയും ശരീരത്തിന്റെ പേരിന് വ്യത്യാസമുണ്ട്. ബാബ പരമാത്മാവാണ്. ഏറ്റവും ഉയർന്നതാണ്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി ഭഗവാൻ അർത്ഥം രചയിതാവ് ഒന്നേയുള്ളൂ. ബാക്കി എല്ലാ രചനകളും പാർട്ട് അഭിനയിക്കുന്നതാണ്. എങ്ങനെ ആത്മാക്കൾ മുകളിൽ നിന്നും വരുന്നു എന്നുള്ളതും മനസ്സിലായി. ആദ്യം ഇവിടെ കേവലം ആദി സനാതനാ ദേവീദേവതാ

ധർമ്മത്തിൽ പെട്ട കുറച്ചു പേർ മാത്രമാണുണ്ടാകുക. പിന്നീട് ചക്രം കറങ്ങി അവസാനം വീണ്ടും അവർ ആദിയിൽ വരാനായി തയ്യാറാകുന്നു. ഈ സൃഷ്ടി ചക്രത്തിന്റെ മാല കറങ്ങിക്കൊണ്ടിരിക്കുന്നു. മാല കറക്കുന്ന സമയത്ത് എല്ലാ മുത്തുകളും ഒരു പോലെ കറക്കില്ലേ. സത്യയുഗത്തിൽ ലേശം പോലും ഭക്തിയുണ്ടാകുന്നില്ല. ബാബ മനസ്സിലാക്കിത്തരുന്നു, അല്ലയോ ആത്മാക്കളേ - എന്നെ ഓർമ്മിക്കൂ. നിങ്ങൾക്ക് തീർച്ചയായും തിരികെ പോകണം, എന്തുകൊണ്ടെന്നാൽ വിനാശം തൊട്ടു മുന്നിലാണ്. ഓർമ്മയിലൂടെ മാത്രമാണ് പാപം നശിക്കുന്നത്, ശിക്ഷകളിൽ നിന്നും മുക്തമാകുന്നത്. പദവിയും നല്ലത് നേടുന്നു. ഇല്ലെങ്കിൽ ധാരാളം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. ഞാൻ നിങ്ങൾ കുട്ടികളുടെ മുന്നിൽ എത്ര നല്ല അതിഥിയാണ്. ഞാൻ മുഴുവൻ വിശ്വത്തെ പരിവർത്തനപ്പെടുത്തുന്നു, പഴയതിനെ പുതിയതാക്കുന്നു. നിങ്ങൾക്കുമറിയാം ബാബ കല്പകല്പം വന്ന് വിശ്വത്തെ പരിവർത്തനപ്പെടുത്തി പഴയ വിശ്വത്തെ പുതിയതാക്കുന്നു. ഈ വിശ്വം പുതിയതിൽ നിന്നും പഴയത്, പഴയതിൽ നിന്നും പുതിയതാകുന്നു. നിങ്ങൾ ഈ സമയം ചക്രത്തെ കറക്കിക്കൊണ്ടിരിക്കുന്നു. ബാബയുടെ ബുദ്ധിയിലുള്ള ജ്ഞാനത്തെ വർണ്ണിക്കുന്നു. നിങ്ങളുടെ ബുദ്ധിയിൽ ചക്രം എങ്ങനെ കറങ്ങുന്നു എന്നുണ്ട്. നിങ്ങൾക്കറിയാം ബാബ വന്നിരിക്കുകയാണ്, ആ ശ്രീമതമനുസരിച്ച് പാവനമാകണം. ഓർമ്മയിലൂടെ മാത്രമാണ് പാവനമായി ഉയർന്ന പദവി നേടുക. പുരുഷാർത്ഥം തീർച്ചയായും ചെയ്യണം. പുരുഷാർത്ഥം ചെയ്യിക്കാനായി എത്ര ചിത്രങ്ങളാണ് ഉണ്ടാക്കിച്ചത്. ആര് വരുന്നുവോ അവർക്ക് 84 ജന്മത്തിന്റെ ചക്രത്തെക്കുറിച്ച് പറഞ്ഞു കൊടുക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ പതിതത്തിൽ നിന്നും പാവനമായിത്തീരുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ജ്ഞാനത്തെ ബുദ്ധിയിൽ നല്ല രീതിയിൽ ധാരണ ചെയ്ത്, അനേക ആത്മാക്കൾക്ക് പ്രാണദാനം ചെയ്യണം. സ്വദർശന ചക്രധാരിയായിത്തീരണം.

2. ഈ മധുരമായ സംഗമത്തിൽ തന്റെ സമ്പാദ്യത്തോടൊപ്പം തന്നെ ബാബയുടെ ശ്രീമതപ്രകാരം നടന്ന് പൂർണ്ണ സമ്പത്ത് നേടണം. തന്റെ ജീവിതത്തെ സദാ സുഖിയാക്കി മാറ്റണം.

## വരദാനം:- സർവ വരദാനങ്ങളെയും സമയത്ത് കാര്യത്തിലുപയോഗിച്ച് ഫലീഭൂതമാക്കുന്ന ഫലസ്വരൂപമായി ഭവിക്കട്ടെ.

ബാപ്ദാദയിലൂടെ സമയം പ്രതി സമയം എന്തെല്ലാം വരദാനം ലഭിക്കുന്നുവോ, അവയെ സമയത്ത് കാര്യത്തിലുപയോഗിക്കൂ. കേവലം വരദാനം കേട്ട് സന്തോഷിക്കുകയല്ല- ഇന്ന് വളരെ നല്ല വരദാനം ലഭിച്ചു. വരദാനത്തെ കാര്യത്തിലുപയോഗിക്കുന്നതിലൂടെയാണ് വരദാനം നിലനിൽക്കുക. വരദാനം അവിനാശി ബാബയുടേതാണ്, എന്നാൽ അതിനെ ഫലീഭൂതമാക്കണം. അതിനായി വരദാനത്തിന് വീണ്ടും വീണ്ടും സ്മൃതിയുടെ ജലം നൽകൂ. വരദാനത്തിന്റെ സ്വരൂപത്തിൽ സ്ഥിതി ചെയ്യാനുള്ള വെയിൽ നൽകൂ, എങ്കിൽ വരദാനങ്ങളുടെ ഫലസ്വരൂപമാകും.

## സ്ലോഗൻ :- വിശേഷതകൾ പ്രഭുപ്രസാദമാണ്, ഇവയെ സേവനങ്ങളിലുപയോഗിക്കൂ, വിതരണം ചെയ്യൂ, വർധിപ്പിക്കൂ